പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5677

09.07.2012-ലെ മറുപടിക്ക്.

## അദ്ധ്യാപകപാക്കേജിന്റെ ഭാഗമായി അദ്ധ്യാപകർക്ക് വിദഗദ്ധ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | അദ്ധ്യാപകപാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്ക്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും വിദഗ്ദ്ധ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസമാണ് പരിശീലനമെന്നും എന്നു മുതലാണ് പരിശീലനം തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും 50 ദിവസത്തെ സമഗ്ര അദ്ധ്യാപക പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 10 ദിവസത്തെ പരിശീലനമാണ് നൽകുന്നത്. 23.07.2012 മുതൽ ആദ്യ ബാച്ച് പരിശീലനം സംസ്ഥാനത്തിന്റെ വിവിധ ബി.ആർ.സി. കേന്ദ്രങ്ങളിൽ വച്ച് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. |
| ബി | ഇപ്രകാരം പരിശീലനം നൽകാൻ എത്ര പരിശീലകരായ വിദഗ്ദ്ധരെ നിയമിച്ചു; എപ്രകാരമുള്ളവരെയാണ് പരിശീലനം നൽകേണ്ട വിദഗ്ദ്ധരായി നിയമിച്ചിട്ടുള്ളത്; | (ബി) | പരിശീലനം നൽകാൻ 916 പരിശീലകരെ എസ്.സി.ഇ.ആർ.ടി സജ്ജരാക്കിയിട്ടുണ്ട്. അതാതു ജില്ലകളിലെ ഡയറ്റ് പ്രിൻസിപ്പൽ ഡപ്യൂട്ടി ഡയറക്ടർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്നിവർ തിരഞ്ഞെടുത്തവരെയാണ് സംസ്ഥന തലത്തിലും എസ്.സി.ഇ.ആർ.ടി പരിശീലനം നൽകി സജ്ജരാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ